പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5269 01.07.2014 ൽ മറുപടിയ്ക്ക്

# അനെർട്ടിന്റെ ബയോഗ്യാസ് പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.കെ. ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അനെർട്ടിന്റെ ഏതെല്ലാം തരത്തിലുള്ള ബയോഗ്യാസ് പ്ലാന്റുകളാണ് വിതരണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 0.75 ക്യൂബിക് മീറ്റർ മുതൽ 10 ക്യൂബിക് മീറ്റർ വരെ ശേഷിയുള്ള ദിനബന്ധു മോഡൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും കെ.വി.ഐ.സി. മോഡൽ ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും അംഗീകൃത ടേൺ കീ ഏജന്റുമാർ മുഖേന ഗുണഭോക്താക്കൾക്ക് അനെർട്ട് ഇപ്പോൾ സ്ഥാപിച്ചു നൽകി വരുന്നു. |
| (ബി) ഓരോ തരം ബയോഗ്യാസ് പ്ലാന്റുകളുടെയും യഥാർത്ഥ വിലയും സബ്സിഡി കഴിഞ്ഞുള്ള വിലയും വിശദാമാക്കുമോ? | (ബി) ബയോഗ്യാസ് പ്ലാന്റുകളുടെ വലിപ്പത്തിനും അവ നിർമ്മിക്കുന്ന മെറ്റീരിയൽസിനും അനുസരിച്ച് പ്ലാന്റുകളുടെ വിലയിൽ വ്യത്യാസം വരും. സാധാരണയായി 0.75 ക്യൂബിക് മീറ്റർ ശേഷിയുള്ള റിംഗ് മോഡൽ (കെ.വി.ഐ.സി) പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 16,000 രൂപയും 1 ക്യൂബിക് മീറ്റർ ശേഷിയുള്ള റിംഗ് മോഡൽ (കെ.വി.ഐ.സി.) പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 19,000 രൂപയും ചെലവാകും. ഇതേ അളവിലുള്ള ദിനബന്ധു മോഡൽ (ഫെറോസിമന്റ്) പ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ 25,000 രൂപ മുതൽ 30,000 രൂപ വരെ ചെലവാകും. അനെർട്ട് അംഗീകരിച്ച ഏത് മോഡൽ പ്ലാന്റും അനെർട്ടിൽ നിന്ന് മുൻകൂർ അനുമതി ലഭിച്ച ശേഷം സ്ഥാപിക്കുകയാണെങ്കിൽ 8000 രൂപ അനെർട്ട് സബ്സിഡി നൽകും. |

സെക്ഷൻ ഓഫീസർ